# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.ടിഎസ്ആർ.(പി6)1440/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 25/09/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.ടിഎസ്ആർ.(പി6)1440/2023 തീയ്യതി: 25/09/2023

## തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2022 മുതൽ 24-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സാബു പി എസ് | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സബിത.എസ്., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
സുധ.ഇ.എൻ., അസി.ഓഡിറ്റ് ഓഫീസർ
ദിവ്യ.എസ്., അസി.ഓഡിറ്റ് ഓഫീസർ
ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ധന്യ.എ.സുരേന്ദ്രൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ.ജെ ദേവസ്സി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| മിനി വി | സെക്രട്ടറി | 01-04-2022 | 21-10-2022 |
| മനോജ് കുമാർ.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-10-2022 | 11-01-2023 |
| ഗീത.ടി.സി. | സെക്രട്ടറി | 12-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അപർണ ടി ജി | കൃഷി ഓഫീസർ | 01-04-2022 | 15-01-2023 |
| ആദിത്യ മോഹൻ | കൃഷി ഓഫീസർ | 16-01-2023 | 31-03-2023 |
| ശ്രീന എസ്.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ബാലകൃഷ്ണൻ എം.ആർ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| പാർവ്വതി സി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ജിജിമോൾ പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ചിത്ര ചന്ദ്രശേഖരൻ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| സിബി തോമസ് സി | വി ഇ ഒ (പൂമല സർക്കിൾ) | 01-04-2022 | 16-05-2022 |
| രശ്മി ആർ നായർ | വി ഇ ഒ (പൂമല സർക്കിൾ) | 17-05-2022 | 31-03-2023 |
| കാവ്യ പി.സി | വി ഇ ഒ (കിള്ളന്നൂർ സർക്കിൾ) | 01-04-2022 | 25-08-2022 |
| ദീപക് പി ഗോകുൽ | വി ഇ ഒ (കിള്ളന്നൂർ സർക്കിൾ) | 26-08-2022 | 31-03-2023 |
| അശ്വതി ഇ.സി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 20-06-2022 |
| സീന കെ.എസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 21-06-2022 | 31-03-2023 |
| ശ്രീനാഥ് സി.യു | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 04-07-2022 |
| സംഗീത വി.എസ് | ഡയറിഫാം ഇൻസ്ട്രക്ടർ | 05-07-2022 | 31-03-2023 |
| ഷിബുകുമാർ പി.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 05-07-2022 |
| ജോമോൾ സി ബേബി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 06-07-2022 | 31-03-2023 |

| | | | |
|---|---|---|---|
| മനോജ് കുമാർ.എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ ആസ്തി ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-2 |
| 4 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ് മെന്റുകളോ ബാങ്ക് റീകൺസിലിയേഷൻ പത്രികകളോ ലഭ്യമാക്കിയില്ല | 1-1-4 |
| 6 | മൂന്നുമാസത്തിലധികമായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല | 1-1-5 |
| 7 | ചെക്ക് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ആയില്ല | 1-1-6 |
| 8 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-7 |
| 9 | വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ലൈബ്രറി സെസ്- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-11 |
| 13 | അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല | 1-1-12 |
| 14 | Prior Period Items - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | സംശയാസ്പദമായ കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-14 |
| 16 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമായി | 1-1-15 |
| 17 | ചെലവഴിക്കാൻ അവശേഷിക്കുന്ന ദുരിതാശ്വാസ നിധി തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടും പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |

| | | |
|---|---|---|
| 19 | ഫണ്ട് വിനിയോഗം | 1-3 |
| 20 | പദ്ധതി അവലോകനം | 1-4 |
| 21 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 22 | ക്ഷേമ പെൻഷൻ | 1-6 |
| 23 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 25 | ഗ്രാമപഞ്ചായത്തിന്റെ നികുതി - നികുതിയേതര വരവുകൾ - അവലോകനം | 1-9 |
| 26 | വലിയ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് വിവിധ കെട്ടിടനമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു | 1-10 |
| 27 | കെട്ടിടത്തിന് ബാധകമായ നിരക്കിലും കുറഞ്ഞ നിരക്കിൽ അടിസ്ഥാന നികുതി ഈടാക്കുന്നു | 1-11 |
| 28 | കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥയിലുള്ളതും നികുതി ഒഴിവാക്കപ്പെട്ടതുമായ കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നില്ല | 1-12 |
| 29 | ചട്ടപ്രകാരം പരിപാലിക്കേണ്ടതായ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല | 1-13 |
| 30 | സർക്കാർ ഉത്തരവ് പ്രകാരം അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-14 |
| 31 | ഡാറ്റ പ്യൂരിഫിക്കേഷൻ **പൂർ**ത്തിയായിട്ടില്ല | 1-15 |
| 32 | രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാകുന്നില്ല | 1-16 |
| 33 | തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ് | 1-17 |
| 34 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകിയതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-18 |
| 35 | രുദ്ര ഗ്രാനൈറ്റ്സ് ക്വാറിയുടെ സി എസ് ആർ സേവനങ്ങൾ ഉറപ്പു വരുത്തിയില്ല | 1-19 |
| 36 | ക്രമറ്റോറിയം - ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ് | 1-20 |
| 37 | ക്രമറ്റോറിയം നടത്തിപ്പ് - ലേല തുക മുഴുവൻ ലഭ്യമായിട്ടില്ല | 1-21 |
| 38 | വിവിധ ലേലങ്ങൾ - തുടർനടപടികൾ അറിയിക്കേണ്ടതാണ് | 1-22 |
| 39 | ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിന് ലൈസൻസ് - ലൈസൻസ് എടുത്തവരുടെ എണ്ണം പ്രൊജക്ട് രേഖകളുമായി പൊരുത്തപ്പെടുന്നില്ല | 1-23 |
| 40 | ലൈഫ് ഭവന പദ്ധതി - HUDCO വായ്പ- ഉറവിടത്തിൽ നിന്നും അധികമായി പിടിച്ച തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-24 |
| 41 | കരാറുകാരൻ അധികം നൽകിയ തുക സഞ്ചിത നിധിയിൽ തിരിച്ചടവാക്കാത്തത് | 1-25 |
| 42 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല | 1-26 |

| | | |
|---|---|---|
| 43 | വി.ഇ.ഒ കിള്ളന്നൂർ നടപ്പാക്കിയ പ്രൊജക്ട് - തുടർ വിവരം അറിയിക്കേണ്ടതാണ് | 1-27 |
| 44 | മരുന്ന് ലഭ്യമാക്കിയില്ല | 1-28 |
| 45 | ഹെൽത്ത് ലൈൻ പദ്ധതി-പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ് | 1-29 |
| 46 | മുറ്റത്തൊരു മീൻ തോട്ടം-നിബന്ധനകൾ പാലിച്ചില്ല | 1-30 |
| 47 | ലീഗൽ ചാർജ്ജ് - സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല | 1-31 |
| 48 | സാമൂഹ്യ സുരക്ഷ പെൻഷൻ-മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം നീക്കം ചെയ്യേണ്ടതാണ് | 1-32 |
| 49 | വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ | 1-33 |
| 50 | വാർഷികകണക്കുകൾ ലഭ്യമാക്കേണ്ടതാണ് | 1-34 |
| 51 | റോഡിനു വിട്ടുകിട്ടിയ സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ് | 1-35 |
| 52 | ടേക്ക് എ ബ്രേക്ക് പദ്ധതി-നിർമ്മാണത്തിലും നടത്തിപ്പിലും മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-36 |
| 53 | കന്നുകുട്ടി പരിപാലനപദ്ധതി(വനിത ജനറൽ) - യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് | 1-37 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്റ്റുകളുടെ വിവരം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്ജ് സർചാർജ്ജ് പ്രൊപ്പോസൽ | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

#### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.07.2023 തീയതിയിലെ 1(1) നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 11.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മുളങ്കുന്നത്ത് കാവ് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

1. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മുളങ്കുന്നത്ത് കാവ് ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:തൃശ്ശൂർ

തീയതി:16.09.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)).

### 1-1-2 മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ ആസ്തി ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം

2021-22 വർഷത്തെ ബാലൻസ് ഷീറ്റിലെ താഴെ പറയുന്ന ഇനങ്ങളുടെ ക്ലോസിംഗ് ബാലൻസും 2022-23 വാർഷിക കണക്കിലെ ട്രയൽ ബാലൻസിലെ അതേ ഇനങ്ങളുടെ ഓപ്പണിംഗ് ബാലൻസും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 2021-22 ബാലൻസ് ഷീറ്റ് പ്രകാരം | | 2022-23 ട്രയൽ ബാലൻസ് മുൻബാക്കി | |
|---|---|---|---|
| സാംഖ്യ ശീർഷകം | നീക്കിയിരിപ്പ് | ഐ.എൽ.ജി.എം.എസ് ശീർഷകം | മുൻബാക്കി |
| 450210101- Canara Bank (33161) | 69,27,611 | 450210101-Nationalised Bank Account Of Own Revenue Fund | 8606285 |
| 450210102-Canara Bank-snehanidhi | 4,355 | | |
| 450210103- SBI Kolazhi (E Payment) | 15,99,397 | | |
| 450210104- Canara Covid Distress Relief Fund | 35,112 | | |
| 450610101-Canara Bank(MGNREGS-36581) | 8 | | |
| 450610102-KGB-PFMS | 39797 | | |
| ആകെ | 8606280 | | |
| - | Nil | 350300112-Govt. And Other Dues Payable- Value Of Court Fee Stamp | 5 |

### 1-1-3 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പട്ടികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 49,74,935/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -44,02,541/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ് മെന്റുകളോ ബാങ്ക് റീകൺസിലിയേഷൻ പത്രികകളോ ലഭ്യമാക്കിയില്ല

2022-23 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി- 17 യിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ട്രഷറി അക്കൗണ്ടുകൾ ബാലൻസ് ഷീറ്റിലെ രേഖപ്പെടുത്തലുകൾ പ്രകാരം ക്ലോസ് ചെയ്തിട്ടുള്ളതാണ്. ടി

അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകളോ ട്രഷറി സ്റ്റേറ്റ് മെന്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ക്ലോസ് ചെയ്ത അക്കൗണ്ടുകളുടെ നീക്കിയിരിപ്പുകൾ ബി - 17 ൽ ഉൾപ്പെടുത്തുവാൻ ഇടയായത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ശീർഷകം | 31.03.23 ലെ നീക്കിയിരിപ്പ് |
|---|---|
| 450210104- TSB CLOSED OWN FUND (713161400000010) | 12,000 |
| 450220106-Treasury Old VPFA 1_2 (Closed) | 47,578 |

### 1-1-5 മൂന്നുമാസത്തിലധികമായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല

പഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ പത്രികകൾ പ്രകാരം മുൻവർഷങ്ങളിൽ നൽകിയ ചെക്കുകൾ 31.03.23 വരെ ബാങ്കിൽ സമർപ്പിച്ച് എൻകാഷ് ചെയ്തിട്ടില്ല. നൽകി 3 മാസത്തിലധികമായിട്ടും എൻകാഷ് ചെയ്യാത്ത ചെക്കുകൾ Liability In Respect Of Stale Cheque എന്ന ബാധ്യത ശീർഷകത്തിലേക്ക് മാറ്റുകയോ അത്തരം ചെലവുകൾ പരിശോധിച്ച് കാലഹരണപ്പെട്ടവ വരുമാനമായി ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് വിവരങ്ങൾ | Cheque Issued But Not Presented In To Bank എന്നയിനത്തിൽ കാണിച്ചിട്ടുള്ള തുക | നൽകി 3 മാസത്തിലധികമായ ചെക്ക് വിവരങ്ങൾ |
|---|---|---|
| തിരൂർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(30295) | 31,825 | 12967/23.03.21-1000/-<br>--/31.03.18 – 21,806/- |
| കനറാ ബാങ്ക് (751101033161) | 1,31,622 | 506169/15.06.20 -3500/-<br>200775/10.04.19 – 840/-<br>444357/12.01.21 - 1367/- |

### 1-1-6 ചെക്ക് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ആയില്ല

ചെക്ക് ബാങ്കിൽ സമർപ്പിച്ചിട്ടും 31.03.23 വരെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് അക്കൗണ്ട് വിവരങ്ങൾ | Cheque Deposited But Not Cleared എന്നയിനത്തിൽ കാണിച്ചിട്ടുള്ള തുക | ചെക്ക് വിവരം |
|---|---|---|
| കനറാ ബാങ്ക് (751101033161) | 4000 | 571970/17.03.17 - 4000/- |

2016-17 വർഷത്തിൽ സമർപ്പിച്ച ചെക്ക് നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാതെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ കാണുന്നതിനുള്ള സാഹചര്യം പരിശോധിക്കേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-1-7 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

മൂലധനച്ചെലവുകൾ ബന്ധപ്പെട്ട ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്യുന്നതിന് പകരം റവന്യൂ ചെലവായി ബുക്ക് ചെയ്തതിനാൽ ബാലൻസ് ഷീറ്റിലെ ബാധ്യതയിനങ്ങളിലെ മിച്ച വരുമാനം, ആസ്തിയിനങ്ങളിലെ ബന്ധപ്പെട്ട ആസ്തി ശീർഷകങ്ങൾ എന്നിവയെ ബാധിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവിനങ്ങളുടെ വിവരണം | തുക | വൗച്ചർ നം./തീയതി | തെറ്റായി ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|---|
| 1 | അംഗൻവാടികൾക്ക് ഫർണിച്ചർ വാങ്ങിയത് (പ്രൊ.നം.83/23 പ്രകാരം) | 99,300 | 42201101/12.12.22 | 251170104-Anganwadi Related Services |
| 2 | ഹോമിയോ മരുന്ന് വാങ്ങുന്നതിന് ഹോംകോയ്ക്ക് തുക കൈമാറി. മരുന്ന് ലഭിച്ചത് 2023-24 വർഷത്തിലാണ് (05/23- എന്ന പ്രൊജക്ട് പ്രകാരം ) | 3,50,000/- | 42201044/10.08.22 | 251110208-Medical Institutions-Homoeo-Purchase Of Medicines |
| 3 | ശ്മശാനത്തിലെ കെട്ടിടനിർമ്മാണത്തിനായി എം.പി.ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | 13,63,531/- | 42201316/31.03.23 | 252120101-Other Buildings-Renovation Of Building |

### 1-1-8 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും ILGMS ലെ ഫിനാൻസ് മൊഡ്യൂളിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 22,85,396 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 22,82,457<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|

| | |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 23,87,377 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 23,65,979 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

സർവീസ് സെസ്സ്

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 8,43,383 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 8,39,379 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

കുടിശ്ശിക

റെസിഡൻഷ്യൽ

| | കളക്ഷൻ | ബാക്കി |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1721 | 791 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1,660 | 801 |
| | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (841/105*100 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 7,94,528 | 24737 | 7,69,509 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 7,94,312 | 25,019 | 7,69,585 |
| | (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) 140186+693842 = 834028* (/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(8,08,064/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

സർവീസ് സെസ്സ്

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1,43,843 | 4,756 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1,43,717 | 4,814 |
| | (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ |

| | | |
|---|---|---|
| | ബി-15) (384+24042+119291) | ആർ.പി-45) |

1-1-9 ലൈബ്രറി സെസ്- വാർഷിക കണക്കും ഡി.സി.ബി.രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 2,38,022 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 2,36,652 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt. Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് മേൽ രണ്ട് തുകകളുമല്ല, മറിച്ച് 2,37,997 രൂപയാണ് (വൗച്ചർ 42100041/ 31.03.23).

1-1-10 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഒന്നും തന്നെ പേജ് അടിസ്ഥാനത്തിൽ തുക കണക്കാക്കുകയും ലെഡ്ജറുകളുമായി മാസാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തുകയും ചെയ്യുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ രജിസ്റ്ററുകളിൽ കണ്ട മറ്റ് അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - വാർഷിക കണക്കുകളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള വർഷാന്ത്യ സംക്ഷിപ്തവും പൊരുത്തപ്പെടുത്തിയിട്ടില്ല.

| | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| രജിസ്റ്റർ | 13,85,620 | 13,85,620 |
| വാർഷിക ധനകാര്യ പത്രിക | 13,87,532 | 13,87,532 |

1-1-11 ആസ്തി രജിസ്റ്റർ - ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത സാക്ഷ്യപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-12 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി ഇല്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മുളങ്കുന്നത്ത്കാവ് ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർ | ഒറ്റത്തവണയായി ഡിമാന്റ് |
|---|---|---|

| | നം./തീയതി | രേഖപ്പെടുത്തിയ തുക |
|---|---|---|
| 110100101-Property Tax On Residential Buildings | 42100038/31.03.23 | 22,99,287 |
| 110100102-Property Tax On Non Residential Buildings | 42100039/31.03.23 | 25,63,665 |
| 110100104-Service Cess On Property Tax | 42100037/31.03.23 | 8,78,129 |
| 110200101-Profession Tax- Institution | 42201363/31.03.23 | 32,100 |
| 110200105-Profession Tax- Traders | 42201364/31.03.23 | 2,98,130 |
| 130100101-Rent From Buildings | 42201344/31.03.23 | 7,35,795 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങളുടെ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-13 Prior Period Items - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

വസ്തുനികുതി റിസീവബിൾസ് ലെഡ്ജർ പ്രകാരം താഴെ പറയുന്ന തുകകൾ ജേണൽ എൻട്രികൾ വഴി Prior Period Items മുഖേന ഡിമാന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ ജേണൽ എൻട്രികൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖപ്പെടുത്തലുകൾ നിയമാനുസൃതമാണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.

| വസ്തുനികുതി ശീർഷകം | ഡിമാന്റ് വർദ്ധിപ്പിച്ച തുക | ജേണൽ വൗച്ചർ നം. / തീയതി |
|---|---|---|
| 431100102- Receivables For Property Tax On Residential Buildings (Arrears)<br>• Narration - Arrear Demand Correction As Per Dcb 22-23 | 372/- | 42100027/31.03.23 |
| 431100104- Receivables For Property Tax On Non-Residential Buildings (Arrears)<br>• Narration - Arrear Demand Correction As Per Dcb 22-23 | 288/- | 42100028/31.03.23 |
| 431100106- Receivables For Service Cess On Property Tax (Arrears)<br>• Narration - Arrears Demand | 126/- | 42100029/31.03.23 |

| | | |
|---|---|---|
| Service Cess Correction As Per Dcb 22-23 | | |
| 431100104- Receivables For Property Tax On Non-Residential Buildings (Arrears)<br>• Narration - Arrear Demand Correction As Per Dcb | 1/- | 42100040/31.03.23 |

### 1-1-14 സംശയാസ്പദമായ കുടിശ്ശിക തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി-റെസിഡൻഷ്യൽ, വസ്തുനികുതി-നോൺ റെസിഡൻഷ്യൽ, സർവീസ് സെസ്സ് ഓൺ പ്രോപ്പർട്ടി ടാക്സ്, കെട്ടിടങ്ങളിൽ നിന്നുള്ള വാടക എന്നീയിനങ്ങളിൽ യഥാക്രമം 841/-, 8,08,064/-, 1,39,029/-, 6,06,527/- എന്നിവ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ പിരിച്ചെടുക്കാനുള്ള തുകയ്ക്ക് ബാധകമായ Provision For Doubtful Receivables ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-15 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനേക്കാൾ അധികമായി

31/3/2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-11 പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 34,858/- രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumulated Depreciation -17,08,120 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

### 1-1-16 ചെലവഴിക്കാൻ അവശേഷിക്കുന്ന ദുരിതാശ്വാസ നിധി തുകയും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-2 പ്രകാരം പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്ന ശീർഷകത്തിൽ ബാധ്യതയായി അവശേഷിക്കുന്ന തുകയും ഷെഡ്യൂൾ ബി-17 ൽ ദുരിതാശ്വാസ നിധി ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -2 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 1 | 311100101 | Panchayats Distress Relief Fund | 6,478 | 450210101 | Canara Bank (0751101040888) | 3,595 |

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 25-3-2022 | 1/1 | 21,44,56,963.30 | 21,23,30,450 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | യഥാർത്ഥ വരവ് | യഥാർത്ഥ ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 13-03-2023 | 7(1) | 192113612.30 | 189237659.00 |

## 1-3 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | *നീക്കിയിരുപ്പ്/**ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 13384000 | 13384000 | 13242572 | **141428 | |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 5057000 | 5057000 | 4876035 | **180965 | |
| മെയിന്റനൻസ്, റോഡ് | | 0 | 16952000 | 16952000 | 15078863 | **1873137 | |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4570000 | 4570000 | 3807910 | **762090 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) | ട്രഷറി | 0 | 15280 | 15280 | 15280 | 0 | |
| | ബാങ്ക് | 0 | 3341000 | 3341000 | 3341000 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-untied) | ട്രഷറി | 0 | 66101 | 66101 | 66101 | 0 | |
| | ബാങ്ക് | 39797 | 2289050 | 2328847 | 2228002 | *100845 | വരവിൽ ₹61050/- പലിശയും, ചെലവിൽ ₹2 ബാങ്ക് ചാർജ്ജും ഉൾപ്പെട്ടിട്ടുണ്ട്. |
| അനുപൂരക പോഷകാഹാര പരിപാടി | | 590382 | 808250 | 1398632 | 308963 | *1089669 | |
| സമ്പൂർണ്ണ ശുചിത്വം | | 70563 | 0 | 70563 | 0 | *70563 | |
| ഹെൽത്ത് ഗ്രാന്റ് – രോഗ നിർണ്ണയത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ | | 0 | 354412 | 354412 | 349591 | *4821 | |
| ഹെൽത്ത് ഗ്രാന്റ് – പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഹെൽത്ത് & വെൽനസ് സെന്ററുകളാക്കി മാറ്റൽ | | 0 | 212998 | 212998 | 210000 | *2998 | |
| ആയുഷ് (ഹോമിയോ ഡിസ്പെൻസറിക്കുള്ള ഫണ്ട്) | | 0 | 450000 | 450000 | 0 | *450000 | |
| വിമുക്തി | | 31000 | 0 | 31000 | 0 | *31000 | |
| സാക്ഷരത | | 1080 | 0 | 1080 | 0 | *1080 | |
| മഴപ്പൊലിമ | | 10000 | 0 | 10000 | 0 | *10000 | |
| ജീവധാര (പട്ടികജാതി വകുപ്പ്) | | 490000 | 0 | 490000 | 0 | *490000 | |
| ശുചിത്വ മിഷൻ | | 1023935 | 0 | 1023935 | 296069 | *727866 | |
| ശ്മശാനം (എം.പി.ഫണ്ട്) | | 0 | 1363531 | 1363531 | 1363531 | 0 | |
| ലൈഫ് മിഷൻ സംസ്ഥാന വിഹിതം | | 0 | 1000000 | 1000000 | 0 | *1000000 | |

| | | | | | | |
|---|---|---|---|---|---|---|
| അംഗൻ വാടികൾക്ക് നെയിം ബോർഡ് | 10 | 0 | 10 | 0 | *10 | |

സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്-എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം,ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകളിൽ ചെലവഴിക്കാതെ ദീർഘകാലമായി അവശേഷിക്കുന്ന തുകകൾ ഉപയോഗിക്കുന്നില്ലെങ്കിൽ തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

2022 -23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 221 | 92113494 | 179 | 51221633 | 142 | 80 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 8 | 1089651 | 1089659 | 1085370 | 4289 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 14301000 | 14301000 | 14301000 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 3336007 | 3336007 | 3336007 | 0 |
| ആകെ | 8 | 18726658 | 18726666 | 18722377 | 4289 |

## 1-6 ക്ഷേമ പെൻഷൻ

| പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 201 | 2027600 |
| വിധവാ പെൻഷൻ | 949 | 9832000 |
| വാർദ്ധക്യകാലപെൻഷൻ | 1899 | 19032400 |
| വികലാംഗ പെൻഷൻ | 243 | 2542000 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 116 | 1272800 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 7 | 210000 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-08-2023 തീയതിയിൽ 11:00 AM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 356/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പരിശോധനയുടെ ഭാഗമായി കണ്ട അപാകതകൾ ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി - നികുതിയേതര വരവുകൾ - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

മുളങ്കുന്നത്ത്കാവ് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനുട്ട്സ് പരിശോധന നടത്തിയതുപ്രകാരം പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 05/07/2022 ലെ 3-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് ആറാം ധനകാര്യ കമ്മീഷൻ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 18/06/2022 ലെ PAN/8366 /2022-C3(DP)(2) സർക്കുലറിന്റെ അടിസ്ഥാനത്തിൽ അനധികൃത കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്. എങ്കിലും ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുകയോ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി ഓഡിറ്റ് അന്വേഷണത്തിനുള്ള (1/05.08.23) മറുപടിയിൽ പരാമർശമില്ല. 2022-23 സാമ്പത്തിക വർഷത്തെ നികുതി ഈടാക്കുന്നതിന് ക്യാമ്പ് കളക്ഷൻ, ഡിമാന്റ് നോട്ടീസ് വിതരണം തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ഇനങ്ങളിൽ കേസുകൾ ഉള്ളവയൊഴികെയുള്ള ഡിമാന്റുകളിൻമേൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും നികുതി വരുമാനത്തിന്റെ ഡിസിബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുകയോ പ്രസ്തുത റിപ്പോർട്ട് ഭരണസമിതി ചർച്ച ചെയ്യുകയോ ചെയ്യുന്നില്ല. നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നിലവിൽ നടത്തി വരുന്നില്ല.

ബജറ്റും യഥാർത്ഥവരവുമായുള്ള താരതമ്യം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 65,00,000 | 56,64,000 | 57,41,081 |
| തൊഴിൽനികുതി | 23,10,000 | 23,00,000 | 2209340 |
| വാടക | 7,10,000 | 6,65,116 | 7,61,795 |
| ലൈസൻസ് ഫീസ് | 4,00,000 | 2,50,000 | 2,14,850 |

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ് | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 22,25,268 | 22,99,287 | 3.3 | 240 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 23,63,592 | 25,63,665 | 8.46 | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ് | 3,10,800 | 3,30,230 | 6.25 | |

| | | | |
|---|---|---|---|
| തൊഴിൽ നികുതി - ജീവനക്കാർ | 17,49,703 | 18,79,110 | 7.39 |
| വാടക | 4,55,182 | 7,61,795 | 67.36 |
| FACTEOS ലൈസൻസ് | 1,73,700 | 2,14,850 | 23.69 |

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.
2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

വസ്തുനികുതി നിർണ്ണയം സംബന്ധിച്ച അപാകങ്ങൾ 1-10, 1-11 ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.

സേവന ഉപനികുതി

പഞ്ചായത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്കായി വസ്തുനികുതിയുടെ 18% നിരക്കിൽ സേവന ഉപനികുതി ഈടാക്കുന്നുണ്ട്. ഇൻകം & എക്സ്പൻഡിച്ചർ പത്രിക പ്രകാരം ഓഡിറ്റ് വർഷത്തിൽ സേവന ഉപനികുതി ഡിമാന്റ് ₹8,78,129/- മാത്രമായിരിക്കെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ മാത്രം ചെലവഴിച്ചത് 19,29,323/-രൂപയാണ്. സേവന ഉപനികുതി ഇനത്തിലെ വരവിലും ചെലവിലുമുള്ള വൻവ്യത്യാസത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, നികുതി ഒടുക്കാൻ ബാധ്യസ്ഥരായ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.
നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

വ്യവസായങ്ങളുടേയും ഫാക്ടറികളുടേയും വ്യാപാരങ്ങളുടേയും സംരംഭപ്രവർത്തനങ്ങളുടേയും മറ്റു സേവനങ്ങളുടേയും ലൈസൻസ്

കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ 2017 ലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള

പരമാവധി ഫീസ് ഈടാക്കിയിട്ടില്ല (റിപ്പോർട്ടിലെ ഖണ്ഡിക 1-18).

## 1-10 വലിയ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് വിവിധ കെട്ടിടനമ്പറുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

ഗ്രാമപഞ്ചായത്തിൽ 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയുടെ അടിസ്ഥാന വസ്തുനികുതി 40രൂപ/ച.മീ.എന്ന നിരക്കിലും, 100 ച.മീ.ക്ക് മുകളിലുള്ള ഇത്തരം ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി 60 രൂപ/ച.മീ. എന്ന നിരക്കിലുമാണ് നിശ്ചയിച്ച് ഈടാക്കിക്കൊണ്ടിരിക്കുന്നത്.

(I) 2022-23 വർഷത്തിൽ വസ്തുനികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ച് നൽകിയതും തറവിസ്തീർണ്ണം 100 ച.മീക്ക് മുകളിൽ ഉള്ളതുമായ ചില കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണം വിഭജിച്ച് വിവിധ കെട്ടിടനമ്പറുകൾ നൽകിയതിനാൽ അടിസ്ഥാന വസ്തുനികുതി 60 രൂപ / ച.മീ. എന്നതിന് പകരം 40 രൂപ / ച.മീ. എന്ന നിരക്കിൽ നിശ്ചയിച്ച് നികുതി നിർണ്ണയിച്ചിരിക്കുന്നു.കെട്ടിടവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പറുകൾ | ഉടമയുടെ പേരു വിവരങ്ങൾ | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | തറ വിസ്തീർണ്ണം (ച.മീ.) | വസ്തു നികുതി നിർണ്ണയ പ്രാബല്യം എന്ന മുതൽ | ഇളവുകൾ / വർദ്ധനവ് ശതമാനം | നിർണ്ണയിച്ച വസ്തുനികുതി (₹40/ച.മീ. എന്ന നിരക്കിൽ) | നിർണ്ണയി ക്കേണ്ടിയിരുന്ന വസ്തുനികുതി (₹60/ച.മീ) | കുറവായി നിർണ്ണയിച്ച വസ്തുനികുതി |
|---|---|---|---|---|---|---|---|---|---|
| 1 | 14/448D | സുമനന്ദകുമാർ, മുണ്ടയൂർ വളപ്പിൽ | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 24.2425 | 2022-23 ഒന്നാം അർദ്ധ വർഷം | ഇല്ല | 970 | 1455 | 485 |
| 2 | 14/448E | | | 24.2425 | | | 970 | 1455 | 485 |
| 3 | 14/448F | | | 29.9525 | | | 1198 | 1797 | 599 |
| 4 | 14/448G | | | 27.9425 | | | 1118 | 1677 | 559 |
| | കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം | | | 106.38 | | | | | |
| 5 | 12/422A | ദേവസ്സി, ആലപ്പാടൻ | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 25.97 | 2022-23 ഒന്നാം അർദ്ധ വർഷം | 20 ശതമാനം വർദ്ധനവ് (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ) | 1247 | 1870 | 623 |
| 6 | 12/422B | | | 20.35 | | | 977 | 1465 | 488 |
| 7 | 12/422C | | | 20.35 | | | 977 | 1465 | 488 |
| *8 | 12/422D | | | 17.85 | | | 785 | 1285 | 500 |
| 9 | 12/422E | | | 19.63 | | 15 ശതമാനം വർദ്ധനവ് (ഒന്നാം നില) | 903 | 1355 | 452 |
| 10 | 12/422F | | | 19.63 | | | 903 | 1355 | 452 |
| 11 | 12/422G | | | 17.11 | | | 787 | 1181 | 394 |
| 12 | 12/422H | | | 16.59 | | | 763 | 1145 | 382 |
| 13 | 12/422I | | | 19.50 | | | 897 | 1346 | 449 |
| | കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം | | | 176.98 | | | | | |

* മേൽ പട്ടികയിൽ ക്രമനമ്പർ 8 ആയി ഉൾപ്പെട്ട 12/422D എന്ന കെട്ടിടനമ്പറിന്റെ അസസ്മെന്റ് പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത് ദ്വിതീയ മേഖലയിലാണ്. എന്നാൽ 12/422D എന്ന കെട്ടിടമൊഴികെ 12/422 A മുതൽ I വരെയുള്ള മറ്റ് കെട്ടിടനമ്പറുകൾ ഉൾപ്പെട്ട കെട്ടിടം പ്രഥമ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ഇപ്രകാരം മേഖല തെറ്റായി രേഖപ്പെടുത്തിയതിനാൽ കെട്ടിടനികുതിയിൽ 10% അനർഹമായി ഇളവ് ലഭിച്ചിട്ടുണ്ട്. ആയത് പരിഹരിക്കേണ്ടതാണ്.

മേൽ പട്ടികയിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് പുനർനിർണ്ണയ സ്റ്റേറ്റ്മെന്റ് സഹിതം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

(II) 2-ാം വാർഡിന്റെ സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ വസ്തുനികുതി നിർണ്ണയം നടത്തിയതും തറവിസ്തീർണ്ണം 100 ച.മീക്ക് മുകളിൽ ഉള്ളതുമായ ചില കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണം

വിഭജിച്ച് വിവിധ കെട്ടിടനമ്പറുകൾ നൽകിയതിനാൽ അടിസ്ഥാന വസ്തുനികുതി 60 രൂപ / ച.മീ. എന്നതിന് പകരം 40 രൂപ / ച.മീ. എന്ന നിരക്കിൽ നിശ്ചയിച്ച് നികുതി നിർണ്ണയിച്ചിരിക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പറുകൾ | ഉടമയുടെ പേരുവിവരങ്ങൾ | തറവിസ്തീർണ്ണം (ച.മീ.) |
|---|---|---|---|
| 1 | 2/504A മുതൽ H വരെയുള്ള കെട്ടിടനമ്പറുകൾ | ശരത്കുമാർ (കുഴിപ്പറമ്പിൽ ഹൗസ്), മുളങ്കുന്നത്ത്കാവ് | 234.84 |
| 2 | 2/556A മുതൽ C വരെയുള്ള കെട്ടിടനമ്പറുകൾ | സുദേവൻ & ജ്യോതി ലക്ഷ്മി, നായർകുന്നിൽ വീട്, മുളങ്കുന്നത്ത് കാവ് | 104.95 |
| 3 | 2/603A മുതൽ E വരെ, 2/603G എന്നീ കെട്ടിടനമ്പറുകൾ | ഡ്യൂക്ക് ടി.വി., തോലത്ത് ഹൗസ്, മുളങ്കുന്നത്ത് കാവ് | 142.32 |

ഗ്രാമപഞ്ചായത്തിലെ മറ്റ് വാർഡുകളിലും ഇപ്രകാരമുള്ള അപാകങ്ങൾ ഉണ്ടാകും എന്നത് ന്യായമായും കരുതാവുന്നതാണ്. മേൽ കെട്ടിടങ്ങൾ ഉൾപ്പെടെ ഇത്തരം അപാകങ്ങൾ ഉള്ള കെട്ടിടങ്ങൾ കണ്ടെത്തി കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.17/11.08.23)

## 1-11 കെട്ടിടത്തിന് ബാധകമായ നിരക്കിലും കുറഞ്ഞ നിരക്കിൽ അടിസ്ഥാന നികുതി ഈടാക്കുന്നു

സഞ്ചയ അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം ശ്രീ. മധുസൂദൻ, കുന്നപ്പിള്ളി വീട്, മുളങ്കുന്നത്ത്കാവ് എന്നയാളുടെ 2/206 എന്ന നമ്പർ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 127.8 ച.മീ. ആണ്. എന്നാൽ തറവിസ്തീർണ്ണം 100 ച.മീ.ക്ക് മുകളിലുള്ള ഈ വാണിജ്യ കെട്ടിടത്തിന് ഗ്രാമപഞ്ചായത്തിലെ അംഗീകരിക്കപ്പെട്ട അടിസ്ഥാന വസ്തുനികുതി നിരക്കായ 60 രൂപ /ച,മീ. എന്നതിന് പകരം 40 രൂപ/ച.മീ. എന്ന നിരക്കിലാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. മാത്രമല്ല ച.മീ.ക്ക് ₹40 എന്ന നിരക്കിൽപ്പോലും മതിയായ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉപയോഗക്രമം | തറ വിസ്തീർണ്ണം (അസസ്സ് മെന്റ് രജിസ്റ്റർ പ്രകാരം) | ഇളവ് / വർദ്ധനവ് (ശതമാനത്തിൽ) | നിർണ്ണയിച്ച വസ്തുനികുതി (അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരമുള്ളത്- 2023 ഒന്നാം അർദ്ധവർഷം മുതൽ 5% വർദ്ധനവോട് കൂടിയത്) | നിർണ്ണയിക്കേണ്ട വസ്തുനികുതി (2023 ഒന്നാം അർദ്ധവർഷം മുതൽ 5% വർദ്ധനവോട് കൂടിയത്) | കുറവായി നിർണ്ണയിച്ച വസ്തുനികുതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 2/206 | വാണിജ്യ ആവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 127.8 | 20% വർദ്ധനവ് (വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ) | 3402 | 9662 | 6260 |

കെട്ടിടത്തിന് ബാധകമായ നിരക്കിൽ തറവിസ്തീർണ്ണത്തിന് അടിസ്ഥാന നികുതി കണക്കാക്കി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.17/11.08.23)

## 1-12 കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥയിലുള്ളതും നികുതി ഒഴിവാക്കപ്പെട്ടതുമായ കെട്ടിടങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഈടാക്കുന്നില്ല

മുളങ്കുന്നത്ത്കാവ് ഗ്രാമപഞ്ചായത്തിൽ 13/1 മുതൽ 13/9 വരെ കെട്ടിടനമ്പറുകളായിട്ടുള്ള റെയിൽവേ ക്വാർട്ടേഴ്സുകളെ നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 30 പ്രകാരം കേന്ദ്രസർക്കാരിന്റെ ഉടമസ്ഥയിലുള്ളതും വസ്തുനികുതി ഒഴിവാക്കിയിട്ടുള്ളതുമായ കെട്ടിടങ്ങളിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾക്കായി 2-ാം ഉപചട്ടത്തിൽ പറഞ്ഞിട്ടുള്ള നിരക്കിലും സർക്കാർ ഇതിലേക്ക് നിർദ്ദേശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായും, സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്. എന്നാൽ മേൽ കെട്ടിടങ്ങളിൽ നിന്നും ചട്ടം 30(2) പ്രകാരം സർവീസ് ചാർജ്ജ് ഈടാക്കുന്നില്ല. ഗ്രാമപഞ്ചായത്തിന് അർഹമായ വരുമാനം നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.17/11.08.23)

## 1-13 ചട്ടപ്രകാരം പരിപാലിക്കേണ്ടതായ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

(1) സഞ്ചയയിൽ രേഖപ്പെടുത്തിയത് പ്രകാരം "Unauthorised"എന്നയിനത്തിൽ 10 കെട്ടിടങ്ങളാണ് ഉള്ളത്. കേരള പഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം-10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. നിർദ്ദിഷ്ട രജിസ്റ്ററിലെ കോളങ്ങൾ പ്രകാരമുള്ള മുഴുവൻ വിവരങ്ങളും സഞ്ചയ റിപ്പോർട്ടിൽ ലഭ്യമല്ല. ആയതിനാൽത്തന്നെ കെട്ടിടത്തിന്റെ നിയമലംഘനത്തിന്റെ സ്വഭാവം, സ്വീകരിച്ച തുടർനടപടികൾ മുതലായവയിലുള്ള എളുപ്പത്തിലുള്ള നിരീക്ഷണം സാധ്യമാകാതെ വരുന്നുണ്ട്.

(2) കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 21(3) പ്രകാരം ഒഴിവായിക്കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് ചെയ്ത് കൊടുക്കുന്നത് സംബന്ധിച്ച് ഫാറം-11 ലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. മാത്രമല്ല വേക്കൻസി റമിഷൻ അപേക്ഷകൾ, ആയതിന്മേലുള്ള അന്വേഷണ റിപ്പോർട്ട് മുതലായവ ILGMS ൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ILGMS ലെ ഓഡിറ്റർ ലോഗിനിൽ ഇപ്രകാരമുള്ള അപേക്ഷകൾ, ആയതിന്മേലുള്ള അന്വേഷണ റിപ്പോർട്ടുകൾ എന്നിവ കാണുന്നതിനോ പരിശോധിക്കുന്നതിനോ ഉള്ള സൗകര്യം ലഭ്യമല്ല. ആയതിനാൽ അപേക്ഷകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

മേൽ അപാകങ്ങൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.17/11.08.23)

## 1-14 സർക്കാർ ഉത്തരവ് പ്രകാരം അടിസ്ഥാന നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ

ഉൾപ്പെടുത്തിയിട്ടില്ല

സ.ഉ(അ)നം.നമ്പർ 53/2020/ത.സ്വ.ഭ.വ. തീയതി 08/09/2020 പ്രകാരം റെസിഡൻഷ്യൽ ഹോം സ്റ്റേ എന്ന ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞത് 10 രൂപ/ച.മീ.യും കൂടിയത് 25രൂപ/ച.മീ. എന്ന നിരക്കിലും നിശ്ചയിക്കേണ്ടതാണ്. സഞ്ചയ യിൽ സെറ്റ് ചെയ്തിട്ടുള്ള വസ്തുനികുതി അടിസ്ഥാന നിരക്കുകളുടെ പട്ടികയിൽ റെസിഡൻഷ്യൽ ഹോം സ്റ്റേ എന്ന ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് ഉൾപ്പെടുത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരം റെസിഡൻഷ്യൽ ഹോം സ്റ്റേ കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിശ്ചയിച്ച് തീരുമാനമെടുക്കേണ്ടതും അടിസ്ഥാന നികുതി നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.17/11.08.23)

## 1-15 ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 9 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No. | Ward Name | No. Of Buildings | Purification Completed Count | | | | | | Purifi Cation Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | (1) ചിറക്കുന്ന് | 482 | 0 | 482 | 0 | 482 | 0 | 482 | 0 |
| 2 | (2) ഗ്രാമല | 821 | 0 | 821 | 0 | 821 | 0 | 821 | 0 |
| 3 | (3) ഉദയ നഗർ | 544 | 0 | 544 | 0 | 544 | 0 | 544 | 0 |
| 4 | (4) തിരൂർ കിഴക്കെ അങ്ങാടി | 673 | 0 | 673 | 0 | 673 | 1 | 672 | 1 |
| 5 | (5) പൂമല | 654 | 0 | 654 | 0 | 654 | 0 | 654 | 0 |
| 6 | (6) ചോറ്റുപാറ | 509 | 1 | 508 | 0 | 508 | 0 | 508 | 1 |
| 7 | (7) പൂളക്കൽ | 555 | 0 | 555 | 0 | 555 | 0 | 555 | 0 |
| 8 | (8) തടപ്പറമ്പ് | 417 | 0 | 417 | 0 | 417 | 1 | 416 | 1 |
| 9 | (9) തിരൂർ | 546 | 0 | 546 | 0 | 546 | 0 | 546 | 0 |
| 10 | (10) കല്ലേപ്പടി | 488 | 0 | 488 | 0 | 488 | 0 | 488 | 0 |
| 11 | (11) മുളങ്കുന്നത്ത് കാവ് | 615 | 0 | 615 | 0 | 615 | 2 | 613 | 2 |
| 12 | (12) അമ്മംകുഴി | 518 | 0 | 518 | 0 | 518 | 0 | 518 | 0 |
| 13 | (13) കോഴിക്കുന്ന് | 646 | 0 | 646 | 0 | 646 | 0 | 646 | 0 |
| 14 | (14) ആക്കോടിക്കാവ് | 577 | 0 | 577 | 0 | 577 | 0 | 577 | 0 |
| | Total | 8045 | 1 | 8044 | 0 | 8044 | 4 | 8040 | 5 |

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.2/01.08.2023).

## 1-16 രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാകുന്നില്ല

06.04.2022ലെ G.O(P) 75/2022/LSGD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ILGMS സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഇ-ഫയൽ സംവിധാനം ഉപയോഗിക്കുമ്പോൾ റിപ്പോർട്ട് ഫോറങ്ങൾ ഹാർഡ് കോപ്പിയായി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതില്ല എന്ന

വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ വരവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത് എന്നാണ് അറിയിച്ചത്. വസ്തുനികുതിയുമായി ബന്ധപ്പെട്ട വേക്കൻസി റമിഷൻ, പൊളിച്ചുകളഞ്ഞ കെട്ടിടങ്ങൾ, എക്സ്-സർവ്വീസ്മെൻ നികുതി ഒഴിവ്, വസ്തുനികുതി ഒഴിവ് നൽകിയ മറ്റ് കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ, അപേക്ഷകളിന്മേലുള്ള അന്വേഷണ റിപ്പോർട്ടുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഫയലുകൾ ഓൺലൈനിലായതിനാൽ ഇവയുടെ അപേക്ഷകളും രജിസ്റ്ററും പ്രത്യേകം സൂക്ഷിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. എന്നാൽ ഓഡിറ്റിന് അനുവദിച്ച ILGMS ലോഗിനിൽ പ്രസ്തുത രേഖകൾ ലഭ്യമല്ലാത്തതിനാൽ അവ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-17 തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച് കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ് (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204).

ഓഡിറ്റ് വർഷം താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 13/11.08.23) നൽകിയെങ്കിലും ലഭ്യമാക്കിയില്ല.

1) 2022-23 വർഷത്തെ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത അംഗീകൃത കരാറുകാർ

2) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അബ്കാരി ഷാപ്പുകൾ, റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നീ സ്ഥാപനങ്ങൾ

3) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി ഡയറിഫാം ഇൻസ്പെക്ടറുടെ പദ്ധതികളുടെ പരിശോധനയിൽ കാണുന്ന 9 മിൽക്ക് സൊസൈറ്റികൾ

മേൽപറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകിയതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

ഓഡിറ്റു വർഷത്തെ FACTEOS ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)1996 ലെ കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റുസേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം (18), പട്ടിക III പ്രകാരം വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന യന്ത്രങ്ങൾക്ക് കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ഫീസ് നിശ്ചയിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം പുതുതായി ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിൽ നിന്നും യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് ഈടാക്കാത്തതായി, ലൈസൻസ് രജിസ്റ്റർ, ILGMS മൊഡ്യൂളിൽ ലഭ്യമായ ചിട്ട എന്നിവ പരിശോധിച്ചതിൽ കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ /ഉടമയുടെ പേര് | ലൈസൻസ് നമ്പർ | കെട്ടിട നമ്പർ | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് |
|---|---|---|---|---|---|
| 1 | വൈശാഖം ഫ്ലോർമിൽ | 314/22-23 | 10/445A | 10 | 100 |
| 2 | എഡ്വിൻ എന്റർപ്രൈസസ് | 313/22-23 | 4/342 | 10 | 100 |

| | | | | | |
|---|---|---|---|---|---|
| 3 | ഗ്രാന്റ്ർ ഫർണ്ണിച്ചർ | 275/22-23 | 13/185 | 10 | 100 |
| 4 | പ്രഭുനാഥ് എഞ്ചിനീയറിങ്ങ് വർക്ക്സ് | 282/22-23 | 13/388 | 7 | 100 |

2) 1996 ലെ കേരള പഞ്ചായത്ത്രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 പട്ടിക II പ്രകാരം ഗ്രാമപഞ്ചായത്തിലെ സംരംഭങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, ലാർജ്ജ് എന്നിങ്ങളെ തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിശ്ചയിച്ച് കൊണ്ട് എടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 12/11.08.2023) നൽകിയെങ്കിലും ഹാജരാക്കിയില്ല.

3) ലൈസൻസ് നമ്പർ 302/22-23 പ്രകാരം ശ്രീ. ശരത്കൃഷ്ണൻ എന്നവർക്ക് എം.എസ്.പി റസ്റ്റോറന്റ് എന്ന പേരിൽ റസ്റ്റോറന്റ് നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അപേക്ഷ പ്രകാരം സ്ഥാപനം ആരംഭിക്കുന്നതിനുള്ള മൂലധന നിക്ഷേപം 40 ലക്ഷം എന്ന രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം, FSSI യിൽ നിന്നുള്ള നിരാക്ഷേപപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7 പട്ടിക II പ്രകാരം ഉത്പാദന മേഖലയിൽ മൂലധന നിക്ഷേപം 10 ലക്ഷം കവിയുന്ന സംരംഭങ്ങൾക്ക് 1000 രൂപ ഈടാക്കേണ്ടതാണ്. എന്നാൽ മേൽ ലൈസൻസ് നമ്പർ പ്രകാരം 500/- രൂപയാണ് ഈടാക്കിയിട്ടുള്ളത് (രസീത് നമ്പർ-1220102527/20.12.22). കുറവ് വന്ന തുക 500 രൂപ ഈടാക്കേണ്ടതാണ്.

4) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. കൂടാതെ 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്ത് നൽകുന്ന ലൈസൻസ് ആവശ്യമാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നിവയ്ക്ക് ലൈസൻസ് നൽകിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 12/11.08.2023) നൽകിയെങ്കിലും ആയത് ഹാജരാക്കിയില്ല.

5) 213 മുതൽ 319 ക്രമ നമ്പർ വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷകൾ പൂർണ്ണമായും പൂരിപ്പിക്കാത്തതായും അന്വേഷണ റിപ്പോർട്ട് ചേർക്കുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് എടുക്കാൻ ബാധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടു വരുന്നതിനും, കൃത്യമായ അന്വേഷണം നടത്തി ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിനും, ആയതുവഴി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 രുദ്ര ഗ്രാനൈറ്റ്സ് ക്വാറിയുടെ സി എസ് ആർ സേവനങ്ങൾ ഉറപ്പു വരുത്തിയില്ല

2013 ലെ കമ്പനീസ് ആക്ട് (അമെൻഡ്മെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ച് കൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി നിർദ്ദേശം പുറപ്പെടുവിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന രുദ്ര ഗ്രാനൈറ്റ്സ് എന്ന ക്വാറിയ്ക്ക് സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുടെ 09/08/2016യുടെ 823/SEIAA/ECI/2606/2015 നമ്പർ പ്രൊസീഡിങ്ങ് പ്രകാരം CSR ഫണ്ട് താഴെ ചേർത്തിരിക്കുന്ന മേഖലകളിൽ ചെലവഴിക്കുന്നതിന് ഉത്തരവുണ്ട്.

| ക്രമ | CSR Activities | Amount |
|---|---|---|

| നമ്പർ | | |
|---|---|---|
| 1 | Installation Of Rain Water Harvesting System For Five Houses Near To Quarry | 2,00,000 |
| 2 | Financial Assistance For Toilet Construction | 1,50,000 |
| 3 | Decided To Provide Scholarship For Education To GHS School Kattilapoovam | 50,000 |
| 4 | Providing 5 Solar Street Light Per Year Along The Road Side | 2,00,000 |
| | ആകെ | 6,00,000 |

മേൽ പറഞ്ഞ മേഖലകളിൽ സി.എസ്.ആർ സേവനങ്ങൾ ഉറപ്പു വരുത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.12/11.08.2023) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല.

സി.എസ്.ആർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിനും ക്രമീകരണം ഏർപ്പെടുത്തേണ്ടതും പഞ്ചായത്ത് ലൈസൻസ് നൽകുന്നതിലേക്കായി പ്രയോഗിക്കുന്ന നിയന്ത്രണാധികാരം ഫലപ്രദമായി എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-20 ക്രമറ്റോറിയം - ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കേണ്ടതാണ്

മുളങ്കുന്നത്ത് കാവ് ഗ്രാമപഞ്ചായത്തിന്റെ 27/06/2022 ലെ 5(2) തീരുമാന പ്രകാരം പഞ്ചായത്തിന്റെ ഗ്യാസ് ക്രമറ്റോറിയം നടത്തിപ്പിനുള്ള ബൈലോ അന്തിമമായി അംഗീകരിച്ചിട്ടുള്ളതാണ്. ബൈലോ പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിക്കുന്ന തീയതി മുതൽക്കാണ് ബൈലോയ്ക്ക് പ്രാബല്യം. എന്നാൽ പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിച്ച ബൈലോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതാണ്. പഞ്ചായത്തിന്റെ 27/06/22 തീയതിയിലെ 5(1) തീരുമാന പ്രകാരം ശ്മശാന നടത്തിപ്പ് ചുമതല ഒരു വർഷത്തേക്ക് ശ്രീ. ജിനീവ് കുമാർ എന്നയാളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകരിക്കപ്പെട്ട നിയമാവലി ഇല്ലാതെ നടത്തിപ്പ് ചുമതല കൈമാറിയത് ഉചിതമല്ല. ബൈലോയ്ക്ക് എത്രയും വേഗം സർക്കാർ അംഗീകാരം ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 18/11.08.23)

## 1-21 ക്രമറ്റോറിയം നടത്തിപ്പ് - ലേല തുക മുഴുവൻ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 27/06/22 ലെ 5(1) നമ്പർ തീരുമാന പ്രകാരം ശ്മശാനം നടത്തിപ്പിന് ലഭിച്ച ക്വട്ടേഷനിൽ കൂടിയ നിരക്കായ ഒരു വർഷത്തേക്ക് 25,000 രൂപ പഞ്ചായത്തിൽ അടയ്ക്കുന്നതിന് രേഖപ്പെടുത്തിയ ശ്രീ ജിനീവ് കുമാർ ശങ്കരപുരം മുളംകുന്നത്തുകാവ് P.O എന്ന വരെ ഭരണസമിതി ഐകകണ്ഠേന അംഗീകരിച്ചു കൊണ്ടും ശ്മശാനത്തിൽ ദഹിപ്പിക്കുന്ന ഓരോ മൃതദേഹത്തിനും പഞ്ചായത്തിൽ ഉള്ളവർക്ക് 3000 രൂപയും, എസ്.സി വിഭാഗത്തിന് 2500 രൂപയും, പഞ്ചായത്തിന് പുറമെയുള്ളവർക്ക് 3500/- രൂപയും കരാറുകാരനു ഈടാക്കാവുന്നതാണ് എന്നും യോഗം തീരുമാനിച്ചിട്ടുണ്ട്.

തുടർന്ന് ശ്രീ. ജിനീവ് കുമാർ ഈയിനത്തിൽ 12,500/- രൂപ രസീത് നമ്പർ-1220101109/16.07.22 അടവാക്കിയിട്ടുണ്ട്. എന്നാൽ 130800101- Lease Rentals എന്ന ലെഡ്ജർ പ്രകാരം ബാക്കി 12,500/- രൂപ അടവാക്കിയിട്ടില്ല. ലഭിക്കാനുള്ള തുക ബാധകമായ ആസ്തി ശീർഷകത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും ലേല തുക മുഴുവനായും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തി ആവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.18/11.08.23)

## 1-22 വിവിധ ലേലങ്ങൾ - തുടർനടപടികൾ അറിയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം മരങ്ങൾ, ഓഫീസിലെ മറ്റ് പാഴ്‌വസ്തുക്കൾ

മുതലായവയുടെ ലേലം ഇനത്തിൽ വരവുകൾ ഇല്ല. എന്നാൽ മേൽ വിഷയം സംബന്ധിച്ചുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

1. 11/01/2023 ലെ 5 (1) നമ്പർ തീരുമാനം

മുളങ്കുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിൽകുന്ന മരങ്ങൾ മുറിച്ചിട്ടുള്ളതാണ്, ആയത് ലേലം ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ അംഗീകരിച്ച തീരുമാനിച്ചു.

2. 10/02/2023 ലെ 16(1) നമ്പർ തീരുമാനം.

പഞ്ചായത്ത് ഓഫീസിലെ പ്രവർത്തനരഹിതമായ ബാറ്ററികൾ, പാഴ്‌വസ്തുക്കൾ, ഘടകസ്ഥാപനങ്ങൾ, അങ്കണവാടികൾ െന്നിവിടങ്ങളിലെ ഉപയോഗ ശൂന്യമായ പാഴ് വസ്തുക്കൾ എന്നിവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

മേൽ തീരുമാനങ്ങളിലുള്ള തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 20/11.08.23)

## 1-23 ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിന് ലൈസൻസ് - ലൈസൻസ് എടുത്തവരുടെ എണ്ണം പ്രൊജക്ട് രേഖകളുമായി പൊരുത്തപ്പെടുന്നില്ല

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം (3) പ്രകാരം താഴെപ്പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതിന് ലൈഫ് സ്റ്റോക്ക് ഫാം നടത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്.

( I) കന്നുകാലി ഫാം : അഞ്ച് മൃഗങ്ങൾ

(Ii) ആട് ഫാം : ഇരുപത് മൃഗങ്ങൾ

(Iii) പന്നി ഫാം : അഞ്ച് മൃഗങ്ങൾ

(Iv) മുയൽ ഫാം : ഇരുപത്തിയഞ്ച് മൃഗങ്ങൾ

( V) പൗൾട്രിഫാം : നൂറ് പക്ഷികൾ

2022-23 വർഷത്തിൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനായി ഒരു ലൈസൻസ് മാത്രമാണ് അനുവദിച്ചിട്ടുള്ളത് (പൗൾട്രി ഫാം) എന്നാൽ തൻവർഷം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന കർഷർക്ക് സബ്സിഡി (185/23) എന്ന പ്രൊജക്ട് മുഖേന സബ്സിഡി ലഭിച്ചവരുടെ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും പല അപേക്ഷകർക്കും ലൈവ് സ്റ്റോക്ക് ലൈസൻസ് എടുക്കേണ്ടയത്ര എണ്ണം മൃഗങ്ങൾ ഉള്ളതായി കണ്ടു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | അപേക്ഷന്റെ പേരു വിവരങ്ങൾ | മൃഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | സുനിൽകുമാർ കെ. എസ്., കുട്ടംതടത്തിൽ വീട്, എം.ജി.കാവ് | 10 |
| 2 | ശാരദ എൻ. വി., കോന്നിപ്പറമ്പിൽ വീട്, എം.ജി.കാവ് | 6 |
| 3 | കുട്ടൻ കെ. എൻ. കോഞ്ഞിപ്പറമ്പിൽ വീട്, എം.ജി.കാവ് | 5 |
| 4 | സാമുവൽ ടി. എൻ, തെങ്ങനാംകിഴക്കേതിൽ, ചോറ്റുപാറ | 5 |
| 5 | കെ. കെ കുര്യാക്കോസ്, കാഞ്ഞിരമലയിൽ, കുണ്ടുകാട് | 6 |
| 6 | എബിൻ ജോർജ്ജ്, പൂവൻപുഴയ്ക്കൽ വീട്, ചോറ്റുപാറ | 9 |

| | | |
|---|---|---|
| 7 | രാജു.എം. പി., മുണ്ടക്കൽ വീട്, ചോറ്റുപാറ | 9 |
| 8 | ബേബി ബെന്നി, അനാനിലായിൽ, ചോറ്റുപാറ | 9 |

മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ് എന്നിവരുമായി സഹകരിച്ച് പരിശോധനകൾ നടത്തേണ്ടതും ബാധകമായ എല്ലാവരും ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 19/11.08.23)

## 1-24 ലൈഫ് ഭവന പദ്ധതി - HUDCO വായ്പ- ഉറവിടത്തിൽ നിന്നും അധികമായി പിടിച്ച തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ബാലൻസ് ഷീറ്റ് പ്രകാരം 330500202-Secured Loans-Loan From HUDCO എന്ന ശീർഷകത്തിൽ നെഗറ്റീവ് തുകയാണ്. (- 40,515) ലോൺ അടക്കാൻ അവശേഷിക്കുന്ന തുകയായി അവശേഷിക്കുന്നത്. HUDCO വായ്പയുടെ ലോൺ രജിസ്റ്റർ പ്രകാരം ആകെ എടുത്ത വായ്പ തുക 14,87,297/- രൂപയും 2022-23 സാമ്പത്തിക വർഷം വരെ വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ വികസന ഫണ്ട് -ജനറൽ, വികസന ഫണ്ട് - എസ്.സി.പി. എന്നീ ഫണ്ടുകളുടെ അലോട്ട് മെന്റിൽ നിന്നും കുറവ് ചെയ്തത് ആകെ 15,27,812/- രൂപയാണ്. അധികമായി കുറവ് ചെയ്ത 40515/- രൂപ തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.23/11.08.23)

## 1-25 കരാറുകാരൻ അധികം നൽകിയ തുക സഞ്ചിത നിധിയിൽ തിരിച്ചടവാക്കാത്തത്

2021-22 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1 ലെ പരാമർശ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കിയ കൊങ്ങൻപാറ എസ്.സി. കോളനി ഡവലപ്പ്മെന്റ് (പ്രൊ.നം.239/22) എന്ന പ്രൊജക്ട് മുഖേന കരാറുകാരന് 28066/- രൂപ അധികം നൽകിയിട്ടുണ്ടെന്നും ആയത് സഞ്ചിതനിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം അധികം നൽകിയ 28066/- രൂപ രസീറ്റ് നമ്പർ- 1220104641/15.03.23 പ്രകാരം തിരിച്ചടവാക്കുകയും ആയത് 350300110-Govt.&Other Dues Payable- Audit Recovery എന്ന ശീർഷത്തിൽ ബുക്ക് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി തുക 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം തിരിച്ചടവാക്കാൻ അവശേഷിക്കുന്നുണ്ട്. ടി തുക സഞ്ചിതനിധിയിലേക്ക് തിരിച്ചടവാക്കേണ്ടതും ആവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം. 21/11.08.23)

## 1-26 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | നിർവ്വഹണ ഏജൻസി | വൗച്ചർ നം. | തുക (₹) |
|---|---|---|---|---|
| 1 | 96/23 ഐ.കെ.എം. വിഹിതം നൽകൽ (വികസന ഫണ്ട് ജനറൽ) | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, കേരള | 4221049/03.09.22 | 54,498 |
| 2 | 42/23 എസ്.എസ്.എ വിഹിതം നൽകൽ (ധനകാര്യ കമ്മീഷൻ അവാർഡ്) | സമഗ്ര ശിക്ഷ ബ്ലോക്ക് പ്രൊജക്ട് കോ-ഓർഡിനേറ്റർ, ബി.ആർ.സി | 22200494/17.09.22 | 3,00,000 |

| | | | | |
|---|---|---|---|---|
| | | പുഴയ്ക്കൽ | | |
| 3 | 11/23 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (ധനകാര്യ കമ്മീഷൻ അവാർഡ്) | അസിസ്റ്റന്റ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, തൃശ്ശൂർ വെസ്റ്റ് | 22201025/17.03.23 | 3,28,435 |
| 4 | 202/23ഊർജ്ജ സംരക്ഷണം-പൂമല എഫ്.എച്ച്.സി യിലെ സോളാർ ഗ്രിഡ് വിപുലീകരിക്കൽ (വികസന ഫണ്ട് -റോഡിതരം) | ഡിസ്ട്രിക്റ്റ് എഞ്ചിനീയർ, അനർട്ട്,തൃശ്ശൂർ | 42201255/27.03.23 | 3,79,500 |

പദ്ധതികൾ പൂർത്തിയാകുന്ന മുറക്ക് വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.4/08.08.2023)

## 1-27 വി.ഇ.ഒ കിള്ളന്നൂർ നടപ്പാക്കിയ പ്രൊജക്ട് - തുടർ വിവരം അറിയിക്കേണ്ടതാണ്

2022-23 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കിള്ളന്നൂർ) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വീട് വാസയോഗ്യമാക്കൽ -ജനറൽ (പ്രൊജക്ട് നം.163/23, വികസന ഫണ്ട്-ജനറൽ) പ്രൊജക്ടിലെ ഗുണഭോക്താവായ റോസിലി ഫ്രാൻസിസ്, കണ്ണനായ്ക്കൽ വീട് എന്നവർ ധനസഹായം ആദ്യ ഗഡു 25,000/- (വൗച്ചർ നം.42201193/15.03.23) കൈപ്പറ്റിയെങ്കിലും പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തികൾ ചെയ്യാത്തതിനാൽ 06.05.2023 ലെ 1230100302/G080604 നം. രശീതി പ്രകാരം പലിശയടക്കം 25,250/- പഞ്ചായത്തിൽ തിരിച്ചടവാക്കിയിട്ടുണ്ട്. ആയത് സഞ്ചിതനിധിയിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/10.08.23) മറുപടിയായി മേൽ തുക നാളിതുവരെ സഞ്ചിതനിധിയിലേക്ക് അടവാക്കിയിട്ടില്ലെന്നും എത്രയും പെട്ടെന്ന് തുക അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 മരുന്ന് ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം./പേര് | 05/23<br>ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി) |
| അടങ്കൽ | 3,50,000/-<br>മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| വൗച്ചർ നമ്പർ/ തിയതി | 42201044/<br>10.08.22 |
| ചെലവ് | 3,50,000/- |
| ശീർഷകം | 251110208<br>Medical Institution-Homeo-Purchase Of Medicine In |

| | |
|---|---|
| | Health Institution |

(I) മേൽ പദ്ധതി പ്രകാരം ആലപ്പുഴ, കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി(ലി.മി)ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ഹോംകോയുമായി 17.08.22 നുണ്ടാക്കിയ കരാറിലെ വ്യവസ്ഥയനുസരിച്ച് ഒൻപത് മാസത്തിനുള്ളിൽ മരുന്ന് വിതരണം ചെയ്യുണമായിരുന്നു. നാളിതുവരെ 236,911 രൂപയുടെ മരുന്ന് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ.

ബാക്കി 1,13,029 രൂപയുടെ മരുന്നുകൾ കിട്ടാനുണ്ട്. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(II) തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31/3/23 ൽ മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാലും മുൻകൂർ നല്കിയത് ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് ആയത് കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിക്കുന്ന മുൻകൂർ" ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തെറ്റായി ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 16(3) പ്രകാരം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് ചെലവ് സംബന്ധിച്ച വിവരങ്ങൾ തൊട്ടടുത്ത മാസം ലഭ്യമാക്കി പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗം ചെലവ് ശീർഷകങ്ങൾ കൃത്യമാക്കാത്തതാണ് ഇതിന് കാരണം. നിർവ്വഹണോദ്യോഗസ്ഥൻ ഏതുദ്ദേശ്യത്തിന് തുക വിനിയോഗിച്ചുവെന്ന വിവരങ്ങൾ പഞ്ചായത്തിലെ അക്കൗണ്ട്സ് വിഭാഗത്തിന് ലഭ്യമാക്കേണ്ടതും അക്കൗണ്ട്സ് വിഭാഗം ഈ ചെലവുകൾ ഉചിതമായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.
മരുന്നുകൾ ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനും അക്കൗണ്ട്സ് സംബന്ധമായ അപാകതകൾ പരിഹരിക്കുന്നതിന് സെക്രട്ടറിയും നടപടികൾ സ്വീകരിക്കേണ്ടതാണ്. 1,13,029 രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടിയായി അറിയിച്ചിട്ടുണ്ട്.

(ഓഡിറ്റ്അന്വേഷണം 03 /07.08.23)

## 1-29 ഹെൽത്ത് ലൈൻ പദ്ധതി-പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം./ പേര് | 169/23<br>ഹെൽത്ത് ലൈൻ<br>പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |
| അടങ്കൽ | 82,000/-<br>വികസനഫണ്ട്<br>(പൊതുവിഭാഗം) |
| വൗച്ചർ നമ്പർ/ തിയതി | 42201076/28.1022<br>42201106/15.12.22<br>42201114/27.2.22 |

| | |
|---|---|
| ചെലവ് | (11143+8000+29800)48,943/- |

വിശദമായ ആരോഗ്യ പരിശോധനകളുടെ വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തി അവലോകനം നടത്തുന്നതിന് ഹെൽത്ത് രജിസ്റ്റർ പ്രിന്റ് ചെയ്യുന്നതിനും ഓരോ വ്യക്തികൾക്കും ഹെൽത്ത് കാർഡ് നൽകുന്നതിനും വാർഡ് തലത്തിൽ പരിശോധനയും ക്ലാസ്സും നടത്തുന്നതിനും രോഗികൾക്ക് വീടുകളിൽ നേരിട്ട് മരുന്നുകൾ എത്തിച്ച നൽകുന്ന വളണ്ടിയർമാർക്ക് ട്രാവലിംഗ് അലവൻസ് നൽകുന്നതിനുമായി വിഭാവനം ചെയ്ത ഹെൽത്ത് ലൈൻ പദ്ധതിയിൽ കാർഡ് പ്രിന്റിംഗ്, ഹെൽത്ത് ക്യാമ്പ് നടത്തൽ, രോഗികളുടെ വിവരങ്ങൾ എളുപ്പത്തിൽ ലഭ്യമാകാൻ പാകത്തിൽ ഒരു സോഫ്റ്റ് വെയർ രൂപവൽക്കരിക്കുന്നതിന് ക്വട്ടേഷനിലൂടെ തെരഞ്ഞെടുത്ത തൃശ്ശൂരിലെ അപ്രമേയ സോഫ്റ്റ്ടെക് എന്ന സ്ഥാപനത്തിന് തുക നൽകൽ എന്നിവയ്ക്കായി മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് സോഫ്റ്റ് വെയർ രൂപവൽക്കരണം പൂർത്തിയാവുകയും 716 പേർക്ക് ഹെൽത്ത് കാർഡ് ഉണ്ടാക്കുകയും ചെയ്തെങ്കിലും ഓരോ വാർഡിൽ നിന്നും 5 പേരുടെ വിവരം മാത്രമേ വെബ്സൈറ്റിൽ ചേർത്തിട്ടുള്ളൂവെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണംനം.11/11.08.23)

## 1-30 മുറ്റത്തൊരു മീൻ തോട്ടം-നിബന്ധനകൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | മുറ്റത്തൊരു മീൻതോട്ടം(ജനറൽ) |
| നമ്പർ | 162/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഭാഗം,സാധാരണവിഹിതം) |
| അടങ്കൽ | 100000/-(ഗുണഭോക്തൃവിഹിതം 12000/- സബ്സിഡി 8000/- ഉൾപ്പെടെ യൂണിറ്റൊന്നിന് 20000 രൂപ വച്ച് ) |
| ചെലവ് | 32000/-രൂപ |
| വൗച്ചർ നം./തിയതി | 42201301/31.03.23 |

മേൽ പദ്ധതിയ്ക്കായി കുളം കുഴിക്കുന്നതിനും പോളിത്തീൻ ഷീറ്റ്,അനുബന്ധ സാമഗ്രികൾ, വാട്ടർ പമ്പ്, സംരക്ഷിതവല, മറ്റ് ഉപകരണങ്ങൾ തുടങ്ങിയ വാങ്ങുന്നതിന് പഞ്ചായത്ത് വിഹിതമായി 8,000/- രൂപ വീതം നാല് ഗുണഭോക്താക്കൾക്കായി 32,000/- രൂപ അനുവദിച്ചു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തി നിലവിലുള്ള നിബന്ധനകൾ പാലിച്ച് വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാമെന്നിരിക്കേ പഞ്ചായത്ത് ഭരണസമിതി പ്രത്യേക തീരുമാനപ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ രണ്ടു പേരുടെ അപേക്ഷാഫോമുകളോ സ്ഥലപരിശോധനാ റിപ്പോർട്ടോ ഫയലിനൊപ്പമില്ല, വെള്ളക്കടലാസിലെഴുതിയ അപേക്ഷയാണുള്ളത്. യൂണിറ്റിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തിയ റിപ്പോർട്ട് ഫയലിനൊപ്പമില്ല. പദ്ധതി നിബന്ധനയ്ക്കനുസരിച്ചുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണംനം.14/11.08.23)

## 1-31 ലീഗൽ ചാർജ്ജ് - സ്രോതസ്സിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2022-23 വർഷത്തിൽ അഡ്വ.ഷീജോ ചാക്കോ എന്നവർക്ക് താഴെ പറയും പ്രകാരം ഫീസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക |
|---|---|---|
| 1 | 22200094 /25.05.22 | 32,250/- |
| 2 | 22200262 /08.07.22 | 15,000/- |
| 3 | 22200319 /27.07.22 | 15,000/- |
| 4 | 22200368 /17.08.22 | 25,000/- |
| 5 | 22200369/17.08.22 | 15,000/- |
| 6 | 22200370/17.08.22 | 15,000/- |
| 7 | 22200664/19.11.22 | 15,000/- |
| 8 | 22201041/18.03.23 | 15,000/- |
| 9 | 22201055/18.03.23 | 15,000/- |
| | ആകെ | 162250 |

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. ഈടാക്കേണ്ടതാണ്. അഡ്വ. ഷീജോ ചാക്കോയ്ക്ക് ലീഗൽ ചാർജ്ജായി അനുവദിച്ച 162250/- രൂപയിൽ നിന്നും ആദായനികുതി ഈടാക്കി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.6/09.08.23) നൽകിയെങ്കിലും ഹാജരാക്കിയില്ല. അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-32 സാമൂഹ്യ സുരക്ഷ പെൻഷൻ-മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം നീക്കം ചെയ്യേണ്ടതാണ്

മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് വ്യക്തമാക്കി 02.08.2021 ലെ 63/2021/ധന. നമ്പർ സർക്കുലർ ധനകാര്യ (എസ്.എഫ്.സി-ബി) വകുപ്പ് പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ളപക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച്

അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ മുളങ്കുന്നത്തുക്കാവ് ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ട് ആക്ടീവ് ആയി തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പെൻഷനറുടെ പേര് | മരണപ്പെട്ട തീയതി | പെൻഷണർ ഐ.ഡി | അവസാനം പെൻഷൻ വിതരണം ചെയ്ത കാലയളവ് | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1. | ഇസഹാക്ക് കൊള്ളന്നൂർ | 08.12.22 | 107490201113 | 04/23 | ആക്ടീവ് |
| 2. | സി.വി.മത്തായി ചിറക്കൽ | 24.11.22 | 107000200155 | 04/23 | ആക്ടീവ് |
| 3. | ജോർജ്ജ് കുന്നംപുറത്ത് വീട് | 01.11.22 | 107490200412 | 04/23 | ആക്ടീവ് |

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്ത് മുഖേന സാമൂഹ്യസുരക്ഷ പെൻഷൻ കൈപ്പറ്റുന്നവരുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാതിരിക്കുകയും തത് ഫലമായി മരണശേഷവും തുക അനുവദിച്ചിട്ടുള്ളതായി സേവന പെൻഷൻ പോർട്ടലിലെ തിരച്ചിൽ സംവിധാനം ഉപയോഗിച്ചതിലൂടെ മനസ്സിലാകുന്നു. മരണപ്പെട്ടവരെ യഥാസമയം പെൻഷൻ ഡാറ്റാബേസിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ-24/11.08.23) മറുപടി ലഭ്യമാക്കിയില്ല. മരണപ്പെട്ട പെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് ത്വരിത നടപടികൾ സ്വീകരിക്കേണ്ടതും ആയത് വഴി സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതുമാണ്. മരണപ്പെട്ട ഗുണഭോക്താക്കളിൽ അധികം തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-33 വാഹനത്തിന്റെ ലോഗ്ബുക്ക് പരിപാലിക്കുന്നതിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന KL08BA-5490 വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

2) വാഹനം ഉപയോഗിക്കുന്ന ഉദ്യോഗസ്ഥൻ, കസ്റ്റോഡിയൻ ലോഗ്ബുക്കിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

3) ഇന്ധന ക്ഷമതാ സാക്ഷ്യപത്രം ലോഗ് ബുക്കിൽ സൂക്ഷിച്ചിട്ടില്ല.

4) വാഹനത്തിന്റെ ഇന്ധന ഉപയോഗത്തിന്റെ പ്രതിമാസ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

